## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3060 — 15.12.2015 -ൽ മറുപടിക്ക്

## ലീഗൽ മെട്രോളജി റൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ), ബി) & (സി) ലീഗൽ മെട്രോളജി വകുപ്പിനെ സംബന്ധിച്ച് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്, ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയാണ് ഉള്ളത്.<br>ഇതിൽ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് G.O(MS)5/2012/CAD dated 20.7.2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണം പ്രസ്തുത റൂളിനെ ആധാരമാക്കിയാണ് നടത്തുന്നത്. വ്യാപാരികളും മറ്റും കൊണ്ടുവരുന്ന അളവു തൂക്ക ഉപകരണങ്ങൾ കൃത്യതയുള്ള താണോയെന്ന് ഉറപ്പു വരുത്തി, ആയത് മുദ്ര പതിപ്പിച്ച് നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ചെയ്തു വരുന്നത്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ യോഗ്യത, പരിശീലനം എന്നിവ ഉള്ള പ്രാപ്തരായ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ, സമയ ബന്ധിതമായി, അളവുകളും തൂക്കങ്ങളും, സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിഹരിച്ച് പരമാവധി ഉപഭോക്തൃ സംരക്ഷണം ഉറപ്പു |

വരുത്തുക എന്നതു കൂടി ഉദ്ദേശിക്കുന്നു.

ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിയമനം, യോഗ്യത തുടങ്ങിയ വിഷയങ്ങളാണ് ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത റൂൾസ് G.O(P) No.1/2013/CAD dated 29.1.2013, G.O(P)No.2/2013/CAD dated 29.1.2013 എന്നിവ പ്രകാരം പുറപ്പെടുവിച്ചെങ്കിലും കേന്ദ്ര ചട്ടമായ ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011 -ൽ നിന്നും വിഭിന്നമായി യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**